ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE:27.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. എം.എസ്.എം.ഇ ദിനവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പങ്കെടുക്കും.

   **President Droupadi Murmu will preside over 'MSME Day"programme in NewDelhi today.**

2. ഇന്ത്യക്ക് അഭിമാനമായി ശുഭാൻശു ശുക്ല; ആക്സിയം 4 ദൗത്യത്തിൻറെ ഭാഗമായ യാത്രികർ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ.

   **Shubhaanshu Shukla brings pride to the nation. The 4-member crew of Axiom-4 mission set foot on ISS.**

3. ബാങ്കിംഗ് പേഴ്സണൽ സെലക്ഷൻ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരീക്ഷകളിൽ ഉദ്യോഗാർഥികളുടെ തിരിച്ചറിയൽ പരിശോധനയ്ക്കായി ആധാർ ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകി.

   **The Government has authorised the use of Aadhaar authentication for candidate verification in examinations conducted by the Institute of Banking Personnel Selection.**

4. ആഗോള പ്രതിസന്ധികൾക്ക് ഇടയിലും, രാജ്യത്തെ ഐ.ടി മേഖല മെച്ചപ്പെട്ട വളർച്ച നേടിയതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ.

   **The Reserve Bank of India has said that despite the global crisis, the country's IT sector has achieved better growth.**

5. കേരളത്തിൽ അതിതീവ്രമഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; ഏഴ് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.

   **Kerala on alert for extremely heavy rain. Orange alert in five districts; Holiday declared for educational institutions in seven districts today.**

6. നിലമ്പൂർ എം.എൽ.എ ആയി ആര്യാടൻ ഷൗക്കത്ത് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

   **Aryadan Shoukath will take oath as Nilambur MLA today.**

&&&&&&&&&&&&&&&&&&&&&&&

## <u>MSME DAY 2025</u>

എം.എസ്.എം.ഇ ദിനവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന '**എംഎസ്എംഇ ദിനം - ഉദ്യമി ഭാരത് പരിപാടി**' രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഉദ്ഘാടനം ചെയ്യും. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉന്നമനവും പങ്കാളിത്തവും കണക്കിലെടുത്താണ് എല്ലാവർഷവും ജൂൺ 27 എം.എസ്.എം.ഇ ദിനമായി ആഘോഷിക്കാൻ ഐക്യരാഷ്ട്രസഭ ആഹ്വാനം

ചെയ്യുക. "സുസ്ഥിര വളർച്ചയുടെയും നവീകരണത്തിന്റെയും ചാലക ശക്തിയായി എം.എസ്.എം.ഇ കളുടെ പങ്ക് ഉയർത്തുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. കേന്ദ്രമന്ത്രിമാരായ ജിതൻ റാം മാഞ്ചി, ശോഭ കരന്ദ്ലാജെ, തുടങ്ങിയവർ പങ്കെടുക്കും. സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് വായ്പാപിന്തുണ നൽകുന്ന ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് ട്രസ്റ്റ് 25 വർഷം പൂർത്തിയാക്കിയതിന്റെ സ്മരണയ്ക്കായി, രാഷ്ട്രപതി പ്രത്യേക തപാൽ സ്റ്റാമ്പ് പുറത്തിറക്കും. മന്ത്രാലയത്തിന്റെ പതിയ ഓൺലൈൻ തർക്ക പരിഹാര പോർട്ടലും രാഷ്ട്രപതി അനാച്ഛാദനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&

## AXIOM-DOCKED

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരനായി ചരിത്രം കുറിച്ച് ശുഭാൻശു ശുക്ല. ശുഭാൻശു ശുക്ല അടക്കമുള്ള നാല് പേരെ വഹിച്ചുകൊണ്ടുള്ള ആക്സിയം 4 ദൗത്യ പേടകം ഇന്നലെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഡോക്ക് ചെയ്യുക. പിന്നാലെ സഞ്ചാരികൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിലയത്തിലേക്ക് പ്രവേശിച്ചു. രാകേഷ് ശർമയ്ക്ക് ശേഷം, നാല് പതിറ്റാണ്ടുകൾക്കിപ്പുറം ബഹിരാകാശത്തെത്തുന്ന ആദ്യ ഇന്ത്യക്കാരൻ കൂടിയാണ് ശുഭാൻശു. ഇന്ത്യൻ വ്യോമസേനയിലെ ഗ്രൂപ്പ് ക്യാപ്റ്റനായ ശുഭാൻശു ശുക്ല, ആക്സിയം-4 ദൗത്യത്തിന്റെ മിഷൻ പൈലറ്റാണ്. 14 ദിവസത്തെ പര്യവേഷണത്തിനായാണ് ആക്സിയം 4 ദൗത്യ സംഘം ബഹിരാകാശ നിലയത്തിലെത്തിയത്.

&&&&&&&&&&&&&&&&&&&&&&&

## AXIOM - JITENDRA SINGH ( INTRO)

അന്താരാഷ്ട്ര ബഹിരാകാശ സ്റ്റേഷനിലേക്കുള്ള പ്രയാണം പൂർത്തിയാക്കിയ ആകിസം- 4 ദൗത്യ സംഘത്തെ അഭിനന്ദിച്ച്

കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിങ്. 14 ദിവസത്തെ സംയുക്ത ബഹിരാകാശ ദൗത്യം ലോകം ഉറ്റുനോക്കുകയാണെന്നും ശ്രീ ജിതേന്ദ്ര സിങ് പറഞ്ഞു. ബഹിരാകാശ ദൗത്യങ്ങളിൽ ഇന്ത്യ നിർണായക സംഭാവനകളാണ് നല്കിയിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&

## AADHAR AUTHENTICATION

ബാങ്കിംഗ് പേഴ്സണൽ സെലക്ഷൻ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരീക്ഷകളിൽ ഉദ്യോഗാർഥികളുടെ തിരിച്ചറിയൽ പരിശോധനയ്ക്കായി ആധാർ ഉപയോഗിക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകി. നിയമന പ്രക്രിയകളിലും ഉദ്യോഗാർത്ഥികളുടെ തിരിച്ചറിയൽ നടപടികൾക്കായി ഐബിപിഎസിന് ഇനി ആധാർ ഉപയോഗപ്പെടുത്താമെന്ന് കേന്ദ്ര ധനമന്ത്രാലയം വ്യക്തമാക്കി. പരിശോധന ലളിതമാക്കാനും ബാങ്കിംഗ്, ഇൻഷുറൻസ് മേഖലയിലെ നിയമന പ്രക്രിയയുടെ സുതാര്യത ശക്തിപ്പെടുത്തുന്നതിനും ഇത് സഹായിക്കുമെന്നും ധനകാര്യ മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

## RSS-PREAMBLE

ഭരണഘടനയുടെ ആമുഖത്തിലുള്ള **'സോഷ്യലിസ്റ്റ്', 'സെക്കുലർ'** എന്നീ വാക്കുകൾ പുനഃപരിശോധിക്കണമെന്ന് ആർ.എസ്എസ്. അംബേദ്കർ ഈ വാക്കുകൾ ഉപയോഗിച്ചിട്ടില്ലെന്ന് അടിയന്തരാവസ്ഥയുടെ അമ്പതാം വാർഷികത്തോട്നു അനുബന്ധിച്ചുള്ള പരിപാടിയിൽ ആർഎസ്എസ് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബൊലെ പറഞ്ഞു. അടിയന്തരാവസ്ഥയിലാണ് ഈ വാക്കുകൾ കൂട്ടിച്ചേർത്തതെന്നും പിന്നീട് ഈ വാക്കുകൾ നീക്കംചെയ്യാൻ ഒരു ശ്രമവും

നടത്തിയില്ലെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയും പരിപാടിയിൽ പങ്കെടുത്തു. അടിയന്തരാവസ്ഥ രാജ്യത്തിന്റെ ചരിത്രത്തിലെ ഇരുണ്ട കാലഘട്ടമാണെന്നും ലക്ഷക്കണക്കിനാളുകൾ ദുരിതം അനുഭവിച്ചതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

## RBI IT SECTOR

ആഗോള പ്രതിസന്ധികൾക്ക് ഇടയിലും, രാജ്യത്തെ ഐടി മേഖല മെച്ചപ്പെട്ട വളർച്ച നേടിയതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. മുൻ വർഷത്തെ 5.5 ശതമാനത്തിൽ നിന്ന് 7.1 ശതമാനം വളർച്ചയാണ് ഐടി മേഖലകൾ കൈവരിച്ചതെന്ന് ആർബിഐയുടെ റിപ്പോർട്ടിൽ പറയുന്നു. കൂടാതെ ഉൽപാദന മേഖലയിലെ കമ്പനികളുടെ വിൽപന 6 ശതമാനം വർദ്ധിച്ചു. ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ മെഷിനറി, ഫാർമസ്യൂട്ടിക്കൽ വ്യവസായങ്ങൾ തുടങ്ങിയവയാണ് ഈ വളർച്ചക്ക് പ്രധാന ഘടകമായതെന്നും ആർബിഐ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&

## ECI-DELISTING

രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും വ്യവസ്ഥകൾ പാലിക്കാത്ത 345 രാഷ്ട്രീയ പാർട്ടികളെ തിരഞ്ഞെടുപ്പ് കമ്മീഷന്റെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 2019 മുതൽ ലോക്സഭാ തിരഞ്ഞെടുപ്പുകളിലോ, സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നിയമസഭാ തിരഞ്ഞെടുപ്പുകളിലോ, മത്സരിക്കാത്ത ഇത്തരം പാർട്ടികളെയാണ് ഒഴിവാക്കുന്നത്. ഈ പാർട്ടികളുടെ ഓഫീസുകളോ മറ്റ് സ്ഥാപനങ്ങളോ കണ്ടെത്തുവാനും സാധിച്ചിട്ടില്ല.

&&&&&&&&&&&&&&&&&&&&&&&

## NILAMBUR – OATH TAKING

നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകുന്നേരം 3.30 ന് സ്പീക്കർ മുമ്പാകെയാണ് സത്യപ്രതിജ്ഞ. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ 11,000-ലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് യു ഡി എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് വിജയിച്ചത്.

&&&&&&&&&&&&&&&&&&&&&&&

## RAIN-KERALA

കേരളത്തിൽ അതിതീവ്രമഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. എറണാകുളം,തൃശൂർ, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ചും മറ്റെല്ലായിടത്തും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കോട്ടയം, എറണാകുളം, തൃശൂർ, ഇടുക്കി, വയനാട്, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയും പ്രഖ്യാപിച്ചു. മലപ്പുറം നിലമ്പൂർ താലൂക്കിലും ആലപ്പുഴയിലെ ചേർത്തല കുട്ടനാട് താലൂക്കുകളിലും കണ്ണൂരിലെ ഇരിട്ടിയിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിട്ടുണ്ട്. അതേസമയം, കേരളം - ഗൾഫ് - ലക്ഷദ്വീപ് മേഖലയിൽ വിവിധകേന്ദ്രങ്ങളിൽ നടക്കുന്ന ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കൻ്ററി സേ/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് മാറ്റമുണ്ടായിരിക്കില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. മലയോര മേഖലകളിൽ കനത്ത ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. നദികളിലെ ജലനിരപ്പ് കൂടുകയാണ്. അപകട സാധ്യത കണക്കിലെടുത്ത് നിരവധി പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ഡാമുകളുടെ ഷട്ടറുകൾ തുറന്നു. വയനാട്ടിലെ ബാണാസുര ഡാമും , പാലക്കാട്

മലമ്പുഴ ഡാമിന്റെ ഷട്ടറുകളും ഇന്ന് തുറക്കുമെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&

## WAYANAD -RAIN (INTRO)

വയനാട്ടിൽ വ്യാപക മഴ തുടരുന്നു. മലയോര മേഖലകളിൽ കനത്ത ജാഗ്രത. പുഴകളിൽ ജലനിരപ്പ് ഉയരുന്നു.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി **അരുൺ വിൻസന്റ്.....**

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&

## TRUMP TRADE DEAL (INTRO)

ഇന്ത്യയുമായി വളരെ സുപ്രധാനമായ ഒരു കരാറിൽ ഉടൻ ഒപ്പുവെക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ചൈനയുമായി ഒരു കരാർ ഒപ്പിട്ടിട്ടുണ്ടെന്നും പ്രസിഡന്റ് ട്രംപ് ഇന്നലെ സൂചിപ്പിച്ചു. മറ്റ് രാജ്യങ്ങളുമായി ഇത്തരം കരാറുകൾ ഉണ്ടാക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&

## KHAMENEI STATEMENT

ആണവ കേന്ദ്രങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങളിൽ നിന്ന് അമേരിക്കയ്ക്ക് കാര്യമായ ഒരു നേട്ടവും ഉണ്ടായില്ലെന്ന് ഇറാന്റെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനേയി. ഖത്തറിലെ അമേരിക്കൻ വ്യോമത്താവളത്തിനെതിരായ തിരിച്ചടി കനത്ത പ്രഹരമാണെന്നും ഇസ്രായേലുമായി വെടിനിർത്തൽ കരാർ

ഒപ്പിട്ടശേഷമുള്ള ആദ്യ പൊതു പരിപാടിയിൽ, ഖമനേയി പറഞ്ഞു. അതേസമയം, ആക്രമണം ഇറാന്റെ ആണവ പദ്ധതിയെ സാരമായി ബാധിച്ചെന്ന് യു.എസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് അവകാശപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&&&

## MEA-OPERATION SINDHU

ഓപ്പറേഷൻ സിന്ധുവിലൂടെ ഇതുവരെ, 3,426 ഇന്ത്യൻ പൗരന്മാരെ ഇറാനിൽ നിന്ന് നാട്ടിലേക്ക് തിരിച്ചെത്തിച്ചു. 11 ഒ.സി.ഐ കാർഡ് ഉടമകളെയും ഏതാനും നേപ്പാൾ ശ്രീലങ്കൻ പൗരന്മാരെയും ഇന്ത്യക്കാരന്റെ ഭാര്യയായ ഒരു ഇറാൻ സ്വദേശിയെയും ഒഴിപ്പിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇസ്രയേലിൽ നിന്ന് ഇതുവരെ 818 പൗരന്മാരെ ഒഴിപ്പിച്ചതായി മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&

## AQUATICS- SENIOR NATIONAL CHAMPIONSHIP

ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന 78-ാമത് സീനിയർ നാഷണൽ അക്വാട്ടിക്സ് ചാമ്പ്യൻഷിപ്പിൽ 400 മീറ്റർ വ്യക്തിഗത മെഡ്‌ലിയിൽ കർണാടകയുടെ ഷോൺ ഗാംഗുലിക്ക് മീറ്റ് റെക്കോർഡോടെ സ്വർണം. മധ്യപ്രദേശിന്റെ അദ്വൈത് രണ്ടാം സ്ഥാനത്തും ഗുജറാത്തിന്റെ നെഹ്റ മൂന്നാം സ്ഥാനത്തും എത്തി. മലയാളി താരം സജൻ പ്രകാശ് നേടിയ റെക്കോർഡിനെയാണ് ഗാംഗുലി മറികടന്നത്. 41 മെഡലുകളുമായി കർണാടക മെഡൽ പട്ടികയിൽ ഒന്നാമതെത്തി. തമിഴ്നാട് രണ്ടാം സ്ഥാനവും, മഹാരാഷ്ട്ര മൂന്നാം സ്ഥാനവും നേടി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&